**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1786** **20-06-2024 - ൽ മറുപടിയ്ക്ക്**

**കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ് നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ 09.11.2023-ലെ ജെ2/62/2023 നമ്പർ കത്തിന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (എ) | **ഉണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.** |
| (ബി) | സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ എന്നാൽ എന്താണ്; ഇതുകൂടി പ്രസ്തുത സ്ഥലത്തിന്റെ വിലനിർണ്ണയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ആയതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ എന്നാൽ ഏറ്റെടുക്കുന്ന സ്ഥലത്ത് ഏതെങ്കിലും കെട്ടിടങ്ങളോ മരങ്ങളോ കൃഷികളോ ഉണ്ടെങ്കിൽ ആയതിന്റെ വില കൂടി ഉൾപ്പെട്ടതാണ്. സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട ശീർഷകം, പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക, ടി ശീർഷകത്തിൽ അവശേഷിക്കുന്ന തുക എന്നിവ ഉൾപ്പെടുത്തി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) | സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ എന്നാൽ ഏറ്റെടുക്കുന്ന സ്ഥലത്ത് ഏതെങ്കിലും കെട്ടിടങ്ങളോ മരങ്ങളോ കൃഷികളോ ഉണ്ടെങ്കിൽ ആയതിന്റെ വില കൂടി ഉൾപ്പെട്ടതാണ്. സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട ശീർഷകം, പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക, ടി ശീർഷകത്തിൽ അവശേഷിക്കുന്ന തുക എന്നിവ ഉൾപ്പെടുത്തി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇതുസംബന്ധിച്ച് ഈ സാമ്പത്തിക വർഷം പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് വേണ്ടി വരുന്ന തുക കൂടി കണക്കാക്കി ശിപാർശ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (ഡി) | സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ എന്നാൽ ഏറ്റെടുക്കുന്ന സ്ഥലത്ത് ഏതെങ്കിലും കെട്ടിടങ്ങളോ മരങ്ങളോ കൃഷികളോ ഉണ്ടെങ്കിൽ ആയതിന്റെ വില കൂടി ഉൾപ്പെട്ടതാണ്. സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട ശീർഷകം, പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക, ടി ശീർഷകത്തിൽ അവശേഷിക്കുന്ന തുക എന്നിവ ഉൾപ്പെടുത്തി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |
| (ഇ) | പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ ഫണ്ട് അർത്ഥനാധികാരി റവന്യൂ വകുപ്പിന് കൈമാറാനുള്ള കാലതാമസത്തിന് കാരണം എന്താണെന്നും കാലതാമസം ഒഴിവാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | (ഇ) | സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ എന്നാൽ ഏറ്റെടുക്കുന്ന സ്ഥലത്ത് ഏതെങ്കിലും കെട്ടിടങ്ങളോ മരങ്ങളോ കൃഷികളോ ഉണ്ടെങ്കിൽ ആയതിന്റെ വില കൂടി ഉൾപ്പെട്ടതാണ്. സ്ട്രക്ചർ ആൻഡ് അഗ്രികൾച്ചറൽ വാല്യൂ കൂടി ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട ശീർഷകം, പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുക, ടി ശീർഷകത്തിൽ അവശേഷിക്കുന്ന തുക എന്നിവ ഉൾപ്പെടുത്തി പ്രൊപ്പോസൽ ലഭ്യമാക്കുവാൻ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം
dtekerala@gmail.com
04712561307
തീയതി: 18.12.2023

നമ്പർ. D4/25153/13/ഡി.ടി.ഇ

പ്രേഷകൻ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്

പ്രിൻസിപ്പൽ സെക്രട്ടറി
ഉന്നത വിദ്യാഭ്യാസം (ജെ) വകുപ്പ്
കേരള സർക്കാർ

വിഷയം:- വിദ്യാഭ്യാസം-സാങ്കേതികം- കാവാലം, ഇലഞ്ഞി, കടപ്ലാമറ്റം സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിനായി ഭൂമി ഏറ്റെടുക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1. 09/11/2023 ലെ സർക്കാർ കത്ത് നം.ജെ2/62/2023/ഉ.വി.വ

സൂചനയിലേക്ക് സാദരം ശ്രദ്ധ ക്ഷണിക്കുന്നു. കാവാലം, ഇലഞ്ഞി, കടപ്ലാമറ്റം എന്നീ ടെക്നിക്കൽ ഹൈസ്കൂളുകളുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട് സൂചന കത്തിൽ ആവശ്യപ്പെട്ട പ്രകാരം ഈ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) ശ്രീ സുൽഫിക്കൽ എ , ബന്ധപ്പെട്ട ഓരോ തഹസീൽദാരുമായി ചർച്ച ചെയ്തു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പ്രകാരം

**കാവാലം**

- ആലപ്പുഴ ജില്ലയിൽ കുട്ടനാട് താലൂക്കിൽ കന്നുമ്മ വിലേജിൽ ബ്ളോക്ക് 18,റീ .സർവെ 184/7-3-1 ൽപെട്ട 01.21.41ഹെക്ടർ പുരയിടം ഭൂമി കാവാലം ടെക്നിക്കൽ സ്കൂൾ നിർമ്മിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്നതിനായി നിലവിൽ ആവശ്യപ്പെട്ടിരിക്കുന്ന 4.7 കോടി രൂപ സ്കൂളിനായി കണ്ടെത്തിയ ഭൂമി വിസ്തൃതിക്കു അനുസൃതമായി ത്തന്നെയാണ്, ആയതിനാൽ പുതുക്കിയ അനുമതി ആവശ്യമില്ല.
- കാവാലം ടെക്നിക്കൽ ഹൈസ്കൂളിനായി സ്ഥലം ഏറ്റെടുക്കുന്നതിനായി 05/01/2023 ലെ ജില്ലാ കളക്ടറുടെ റിപ്പോർട്ട് പ്രകാരം ഒരു ആറിന് 1,25,503 രൂപ അടിസ്ഥാന വില നിശ്ചയിച്ചു ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം 1.51 കോടി രൂപ ഭൂമി വില മാത്രമാണ്. എന്നാൽ കുട്ടനാട് താലൂക്കിൽ കന്നുമ്മ വിലേജിൽ ബ്ളോക്ക് 18,റീ .സർവെ 184/7-3-1 ൽപെട്ട 01.21.41ഹെക്ടർ പുരയിട ഭൂമിയുടെ വിശദ വിവര പട്ടിക സ്ഥലം ഏറ്റെടുക്കൽ ഉദ്യോഗസ്ഥനായ സ്പെഷ്യൽ തഹസിൽദാർ എൽ.എ.(ജ),ആലപ്പുഴയുടെ 11/05/2023 ലെ ബി1440/2020(1) നമ്പർ റിപ്പോർട്ട് പ്രകാരം ഭൂമി വിലയും ടി സ്ഥലത്തുള്ള ആകെ മരങ്ങൾക്കും കെട്ടിടങ്ങൾക്കും ഉള്ള വിലയും ചേർത്താണ് 4,19,27,786/- രൂപയായി ഉയയർന്നതു എന്നറിയിച്ചിട്ടുണ്ട്.
- കാവാലം ടെക്നിക്കൽ സ്കൂൾ നിർമ്മിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയ സ്ഥലം സാമൂഹിക പ്രത്യാഘാത പഠനം നടത്തുന്ന തീയതി മുതൽ ടി സ്ഥലത്തിന് ഭൂമി ഏറ്റെടുക്കുന്നത് വരെ 12% പലിശ ഇനത്തിൽ നല്കേണ്ടതായി വരുന്നതിനാൽ ടി തുകയും ചേർത്താണ് 4.7 കോടി രൂപ ആവശ്യപ്പെട്ടിരിക്കുന്നത്..

**കടപ്ലാമറ്റം**

- കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണത്തിനായി 2.55 Acre വസ്തു ഏറ്റെടുക്കുന്നതിനായി അർഥനാധികാരി റിക്വസിഷൻ നൽകിയിട്ടുള്ളതും RFCT LARR Act 2013 പ്രകാരം ടി പദ്ധതി

Draft #27 of File D4/25153/13/DTE Approved by Director (in-charge) on 18-Dec-2023 04:47 PM - Page 1

ഏറ്റെടുക്കുന്നതിനുള്ള അനുമതി ഉത്തരവ് റവന്യൂ (B)വകുപ്പിൽ നിന്നും G.O (Rt)No.1847/19/RD dated 09.07.2019 പ്രകാരം ലഭിക്കുകയും ടി വസ്തുവിന് ആർ ഒന്നിന് 1,17,501/- രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് 104.05 ആർ ഭൂമിയുടെ സ്ഥല വില മാത്രം 1,22,25,979/- രൂപ വില വരികയും . RFCT LARR Act പ്രകാരം മൾട്ടിപ്ലിക്കേഷൻ ഫാക്ടർ,100% സൊലേഷ്യം,നിർമ്മിതികളുടെയും, വൃക്ഷങ്ങളുടെയും വില, 12% അഡീഷണൽ ലാൻഡ് വാല്യൂ എന്നിവയും 31.03.2024 വരെയുള്ള പലിശ കൂടി കണക്കാക്കിയാണ് ആകെ <u>3,64,98,740/-</u> രൂപ ആവശ്യപ്പെട്ടിരിക്കുന്നത്.

**<u>ഇലഞ്ഞി</u>**

- ഇലഞ്ഞി ടെക്നിക്കൽ ഹൈസ്കൂളിനായി എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ ഇലഞ്ഞി വില്ലേജിൽ 272/7,272/1,272,2 എന്നീ സർവ്വെ നമ്പറുകളിൽ പെട്ട 5 ഏക്കർ ഭൂമി ഇലഞ്ഞി ടെക്നിക്കൽ സ്കൂൾ നിർമ്മിക്കുന്നതിന് വേണ്ടി ഏറ്റെടുക്കുന്നതിനായി നിലവിൽ ആവശ്യപ്പെട്ടിരിക്കുന്ന 15.36 കോടി രൂപ സ്കൂളിനായി കണ്ടെത്തിയ ഭൂമി വിസ്തൃതിക്ക അനുസൃതമായി ത്തന്നെയാണ്, ആയതിനാൽ പുതുക്കിയ അനുമതി ആവശ്യമില്ല.
- പ്രസ്തുത വസ്തുവിന് 2019-2020 വർഷത്തിൽ പ്രാബല്യത്തിലുള്ള സർക്കാരിന്റെ ഫെയർ വാല്യൂ അടിസ്ഥാനത്തിൽ ആകെ ഫെയർ വാല്യൂ 2,42,83,200/- കണക്കാക്കി ഭൂമി വിലയായി 4,85,66,400/- രൂപയും ആയതിന്റെ 5% കണ്ടിജൻസി ചാർജ് 24,28,320/- രൂപയും 30% എസ്റ്റാബ്ലിഷ്മെൻറ് കോസ്റ്റ് 1,45,69,920/- രൂപയും വർക്ക് ഡിപ്പോസിറ്റിൽ ഡിപ്പോസിറ്റ് ചെയ്തിരുന്നതെന്നും അറിയിച്ചിരിക്കുന്നു. പൊന്നുംവിലയ്ക്കെടുക്കുന്ന ഭൂമിയുടെ വിലനിർണ്ണയം ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രകാരവും ബഹു ജില്ലാകളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും കെട്ടിട വില കൂടാതെ ഏകദേശം 15,35,87,031/- രൂപ അനുവദിക്കേണ്ടി വരുമെന്ന് അറിയിച്ചു. ജില്ലാ കളക്ടറുടെ നിർദേശ പ്രകാരം 29.03.2023 ൽ മാനദണ്ഡങ്ങൾക്കനുസൃതമായി ടി വില നിർണയറിപ്പോർട്ട് പുനർപരിശോധന നടത്തിയപ്പോൾ ഭൂമിയുടെ വില ഗണ്യമായി കുറഞ്ഞതിനാൽ ടി റിപ്പോർട്ടിന്റെയും സൂക്ഷ്മ പരിശോധനയിൽ വീണ്ടും ഭേദഗതികൾ നിർദ്ദേശിക്കുകയും ചെയ്തതിനാൽ പുതിക്കിയ വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കി താമസംവിനാ ആയതിന്മേലുള്ള അംഗീകാരം ലഭ്യമാകുമെന്നും എൽ എ തഹസീൽദാർ അറിയിച്ചിട്ടുണ്ട്. പൊന്നും വിലക്കെടുക്കുന്ന 3 വ്യത്യസ്ഥ സർവെ നമ്പറുകളിൽ ആറിന് 1,32,000-39,000 എന്നിങ്ങനെ വളരെ വ്യതസ്തമായ ഫെയർ വാല്യൂ നിലവിലുള്ളതിനാൽ സമാനമായി കണ്ടെത്തിയ ആധാരങ്ങളിലെ ശരാശരി വിലയിലുണ്ടായ ഏറ്റക്കുറച്ചിലുകൾ ഇപ്രകാരം ഗണ്യമായ വില വ്യത്യാസത്തിന് കാരണമായിട്ടുള്ളതാണെന്നും ബോധിപ്പിച്ചിട്ടുണ്ട്.

മേൽപറഞ്ഞ വിവങ്ങൾ തുടർ നടപടികൾക്കായി സമർപ്പിക്കുന്നതോടൊപ്പം സൂചന കത്തിൽ ആവശ്യപ്പെട്ടിട്ടുള്ള കത്തിടപാടുകളുടെ പകർപ്പും, ഈ കാര്യാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ (ജനറൽ) ശ്രീ സുൽഫിക്കൽ എ സമർപ്പിച്ച റിപ്പോർട്ടും ഉള്ളടക്കം ചെയ്തു അറിവിലേക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ
ഡോ. രാജശ്രീ എം.എസ്
ഡയറക്ടർ (ഇൻ ചാർജ്)
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക
വേണ്ടി

Approval Valid

Draft #27 of File D4/25153/13/DTE Approved by Director (in-charge) on 18-Dec-2023 04:47 PM - Page 2

Digitally Approved By
ഡോ. രാജശ്രീ എം.എസ്
Date: 18.12.2023
Reason: Approved

Draft #27 of File D4/25153/13/DTE Approved by Director (in-charge) on 18-Dec-2023 04:47 PM - Page 3

The document is digitally approved. Hence signature is not needed.

Draft #27 of File D4/25153/13/DTE Approved by Director (in-charge) on 18-Dec-2023 04:47 PM - Page 4